**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3878** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഡി.പി.സി ചേരാത്ത സാഹചര്യത്തിൽ താൽകാലിക പ്രൊമോഷന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ യഥാസമയം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരാത്തത് മൂലം ജീവനക്കാർക്ക് കൃത്യമായി പ്രൊമോഷൻ കിട്ടാതെ വിരമിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എല്ലാ വകുപ്പുകളിലും നിശ്ചിത സമയത്ത് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികയിൽ ഒഴിവ് വരുന്ന ദിവസം പ്രൊമേഷൻ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ചട്ടം 28(b)(i)-ലെ ഉപചട്ടം (4)ൽ ഡി.പി.സി. നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ നിർദ്ദേശിച്ചിട്ടുള്ള സമയ ക്രമം പാലിച്ചുകൊണ്ട് ഡി.പി.സി. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഡി.പി.സി. നടപടിക്രമങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ വർഷവും ജനുവരി 31-ന് മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനു കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന് ലഭ്യമാക്കുന്നതിനുള്ള നിർദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.പി.സി. കൂടി ജീവനക്കാർക്ക് റെഗുലർ പ്രൊമോഷൻ നൽകണമെന്നും സീനിയോറിറ്റി മാത്രം പരിഗണിച്ചുള്ള താൽക്കാലിക പ്രൊമോഷൻ ഒഴിവാക്കണമെന്നുമാണ് സർക്കാർ നിലപാട്. |
| (ബി) | ചില വകുപ്പുകളിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യഥാസമയം ചേരാത്ത അവസരങ്ങളിൽ ജീവനക്കാർ വിരമിക്കേണ്ട സാഹചര്യം ഉണ്ടായാൽ പ്രസ്തുത ജീവനക്കാർക്ക് താൽകാലിക പ്രൊമേഷൻ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വിരമിക്കാൻ ആറുമാസം മാത്രമുള്ള ജീവനക്കാർക്ക് ഡി.പി.സി. നടപടിക്രമങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ